DESPATCHED
On.10/1/22....

30/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP.No.902(4)/2015/SIC**

**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.11457/SIC-Gen 2/2015**

**സന്നിഹിതൻ**

**ശ്രീ.**കെ.വി. സുധാകരൻ, സംസ്ഥാന **വിവരാവകാശ കമ്മീഷണർ**

**(തീയതി 30.12.2021)**

എം.വി. ഏലിയാസ്,
മണിയേലി ഹൗസ്,
തുരുത്തി പി.ഒ,
കുറുപ്പംപടി,
എറണാകുളം- 683 545. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
മൂവാറ്റുപുഴ- 686 661. } എതിർകക്ഷി

## ഉത്തരവ്

ടി പരാതി ഹർജിയിൽ കമ്മീഷൻ 16.07.2021 ൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. വിവരാവകാശ നിയമമനുസരിച്ച് മറുപടി നൽകാതിരുന്നതിന്റെ പേരിൽ നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണെന്നും, വിശദീകരണം ലഭിക്കുന്നില്ലായെങ്കിൽ, ഇക്കാര്യത്തിൽ പരാതിഹർജിക്കാരന് കൂടുതലൊന്നും

ബോധിപ്പിക്കാനില്ല എന്ന ധാരണയിൽ കമ്മീഷൻ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നുമാണ് ടി ഉത്തരവിൽ പറഞ്ഞിരുന്നത്.

2. ഉത്തരവിൻ പ്രകാരം എതിർകക്ഷി 04.09.2021 ൽ കമ്മീഷന് വിശദീകരണം നൽകി. അതിൽ ഇപ്രകാരം പറയുന്നു.

"12.05.2015 തീയതിയിലെ കേരള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് സബ് ഡിവിഷണൽ പോലീസ് ഓഫീസ് ഡി.വൈ.എസ്.പി.ഓഫീസ് മൂവാറ്റുപുഴ, ഡി.വൈ.എസ്.പി ശ്രീ.ആന്റണി തോമസ്, അസിസ്റ്റന്റ് കേരള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് സബ് ഡിവിഷണൽ പോലീസ് ഓഫീസ് ഡി.വൈ.എസ്.പി.ഓഫീസ് മൂവാറ്റുപുഴ, ഡി.വൈ.എസ്.പി ഓഫീസ് റൈറ്റർ സബ്. ഇൻസ്പെക്ടർ ശ്രീ.കെ.എം. അശോകൻ എന്നിവരോട് ടി നോട്ടീസിലെ പരാതി സംബന്ധിച്ച് ഫോണിൽ വിളിച്ച് സംസാരിച്ചതിൽ പരാതി ഹർജിക്കാരനായ ശ്രീ.എം.വി. ഏലിയാസ് ആവശ്യപ്പെട്ട വിവരങ്ങൾ കളമശ്ശേരി എ.ആർ കമാണ്ടന്റിന്റെ പക്കൽ നിന്നാണ് ലഭിക്കേണ്ടത് എന്ന വിവരം ടിയാൻ ഓഫീസിൽ വന്ന യഥാസമയംതന്നെ അറിയിക്കുകയും, ടി വിവരം രേഖാമൂലം ഓഫീസിലേക്ക് അറിയിക്കുന്നതാണ് എന്നും അറിയിച്ചപ്പോൾ ടിയാൻ താൻ കളമശ്ശേരി AR Camp Assistant Commandant ന്റെ ഓഫീസിൽ നേരിട്ട് അപേക്ഷ കൊടുത്തോളാം എന്നറിയിച്ചതിനാലാണ് ടി അപേക്ഷ കളമശ്ശേരി AR Camp Assistant Commandant ന്റെ ഓഫീസിലേക്ക് അയക്കാതിരുന്നതെന്നും ഇക്കാര്യത്തിൽ മനപ്പൂർവ്വമല്ലാതെ വന്ന വീഴ്ച മാപ്പാക്കണമെന്നും അപേക്ഷിച്ചിട്ടുള്ളതാണ്. മേൽ 2 ഓഫീസർമാരും സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത് പോയിട്ടുള്ളതാണ് എന്ന വിവരവും അങ്ങയുടെ അറിവിലേക്കും അനന്തര നടപടിക്കുമായി സമർപ്പിക്കുന്നു."

3. എതിർകക്ഷിയുടെ വിശദീകരണം വസ്തുനിഷ്ഠവും ആത്മാർത്ഥവുമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശിക്ഷാനടപടികൾ ഒഴിവാക്കുന്നു. പരാതി ഹർജിയിന്മേൽ തുടർനടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 30.12.2021 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

re